# കേരളസർവകലാശാല

നം.പി.ആർ.120 (a)/2023 തിരുവനന്തപുരം, തീയതി: 16/06/2023

## പത്രക്കുറിപ്പ്

### കേരളസർവകലാശാലയിൽ റിസർച്ചേഴ്സ് ഫെസ്റ്റിവൽ ജൂൺ 19 മുതൽ 22 വരെ.......

നാക് റിഅക്രെഡിറ്റേഷനിൽ A++ ലും NIRF റാങ്കിങ്ങിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തും എത്തിയ കേരളസർവകലാശാല ജൂൺ 19 മുതൽ 22 വരെ HEIGHTS 2023 എന്ന പേരിൽ റിസർച്ചേഴ്സ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. നാളിതുവരെ ആദ്യമായാണ് സർവകലാശാലയിൽ ഇത്തരമൊരു ഫെസ്റ്റിവൽ.

സർവകലാശാല ഗവേഷണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഫെസ്റ്റിവലിന്റെ പ്രധാനലക്ഷ്യം. ലോകപ്രശസ്ത ശാസ്ത്രജ്ഞ ഡോ. ടെസി തോമസ് ആണ് ഫെസ്റ്റ് 19 തിങ്കളാഴ്ച വൈകിട്ട് 4.30 നു കാര്യവട്ടം ക്യാമ്പസിൽ വച്ച് ഉത്ഘാടനം ചെയ്യുന്നത്. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷനാകും. പ്രമുഖ ശാസ്ത്ര ഗവേഷകൻ പദ്മഭൂഷൻ പ്രൊഫ.പി.ബലറാം ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തും. കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.)ഗോപിനാഥ് രവീന്ദ്രൻ, തിരുവനന്തപുരം മേയർ ശ്രീമതി ആര്യ രാജേന്ദ്രൻ എന്നിവർ ചടങ്ങിൽ പ്രത്യേക പ്രഭാഷണം നടത്തും.

ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ പദ്മശ്രീ ശ്രീ.ചെറുവയൽ രാമൻ വിശിഷ്ടാതിഥിയായി പങ്കെടുക്കും. വൈസ് ചാൻസലർ പ്രൊഫ.(ഡോ.) മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷനാകും. ശ്രീ.കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ., ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ.(ഡോ.)രാജൻ ഗുരുക്കൾ എന്നിവർ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. കേരളസർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി. മഹാദേവൻപിള്ള ആശംസ പറയും.

ഫെസ്റ്റിവൽ ലോഗോ ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു ജൂൺ അഞ്ചിന് പ്രകാശിപ്പിച്ചിരുന്നു.

ഫെസ്റ്റിനോടനുബന്ധിച്ച് 19 മുതൽ 26 വരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന പുസ്തകോത്സവം 19 ന് രാവിലെ 10 മണിക്ക് ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. കേരളത്തിനകത്തും പുറത്തുമുള്ള നാല്പതോളം പ്രസാധകരുടെ സ്റ്റാളുകൾ പുസ്തകോത്സവത്തിലുണ്ട്.

19 ന് രാവിലെ 10.30 ന് R&D Exhibition ശ്രീ.എ.എ. റഹീം എം.പി. ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ ആർമി, ഇന്ത്യൻ എയർ ഫോഴ്സ്, വി.എസ്.എസ്.സി., സംസ്ഥാന പുരാവസ്തു വകുപ്പ്, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചരിത്രഗവേഷണ കൗൺസിൽ, ഫയർ ആന്റ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ്, കേരള ചലച്ചിത്ര അക്കാദമി, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള ഇരുപതോളം സ്ഥാപനങ്ങളുടെ പ്രദർശനമാണ് സംഘടിപ്പിച്ചിരിക്കുന്നത്. 11.30 ന് ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി ഇഷിതാ റോയി ഐ.എ.എസ്. 'റിസേർച്ച് ഗാലറി' ഉദ്ഘാനം ചെയ്യും. സർവകലാശാലയുടെ ഗവേഷണമേഖലകളുടെയും നേട്ടങ്ങളുടെയും പ്രദർശനമാണ് ഈ ഗാലറിയിലുള്ളത്. 4.30 ന് ആരംഭിക്കുന്ന ഉദ്ഘാടന പരിപാടിക്ക് ശേഷം 7 മണിക്ക് വിഖ്യാത ഗസൽ ഗായകൻ ഷഹബാസ് അമന്റെ ഗസൽസന്ധ്യ 'ഷഹബാസ് പാടുന്നു' എന്നപേരിൽ മുഖ്യവേദിയിൽ അരങ്ങേറും.

രണ്ടാം ദിവസമായ ഇരുപതാം തീയതി രാവിലെ 11 മണിക്ക് Kwolege Ecosystem : Emerging Trends എന്ന വിഷയത്തിലുള്ള പ്രഭാഷണപരമ്പരയ്ക്ക് തുടക്കം കുറിക്കും. കേരളസർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.ബി.ഇക്ബാൽ വിഷയാവതരണം നടത്തുന്ന സെഷനിൽ 'ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവി' എന്ന വിഷയത്തിൽ ഡോ.ശശി തരൂർ എം.പി. പ്രഭാഷണം നടത്തും. 'വിജ്ഞാനവും സാമൂഹികവ്യവസ്ഥയും' എന്ന വിഷയത്തിൽ മുൻമന്ത്രി ശ്രീ.മുല്ലക്കര രത്നാകരൻ നടത്തുന്ന പ്രത്യേക പ്രഭാഷണം ഉണ്ടായിരിക്കും. പ്രഭാഷണ പരമ്പരയിലെ രണ്ടാമത്തെ പ്രഭാഷണം 4.30 ന് 'അറിവും സാമൂഹികതയും:കേരളത്തിലെ ഉന്നതവിദ്യാഭ്യാസം' എന്ന വിഷയത്തിൽ ഡോ. സുനിൽ പി. ഇളയിടമാണ് നടത്തുന്നത്. വൈകിട്ട് ആറു മണിക്ക് മണിതൂക്കി കാണിക്കോളനിയിൽ സർവകലാശാലയുടെ 'ഒപ്പം' പദ്ധതിയിലൂടെ വികസിപ്പിച്ചെടുത്ത മുളയുൽപ്പന്നങ്ങളുടെ സ്റ്റാർട്ട് അപ്പ് മന്ത്രി ശ്രീ.കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. 7 മണി മുതൽ മുഖ്യവേദിയിൽ യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ മാറ്റ് തെളിയിച്ച വിദ്യാർഥികളുടെ കലാപരിപാടികളാണ്.

മൂന്നാം ദിവസമായ 21 ന് രാവിലെ 10 മണിക്ക് ഇൻഡസ്ട്രീസ് മീറ്റ് വ്യവസായവകുപ്പ് മന്ത്രി ശ്രീ.പി.രാജീവ് ഉദ്ഘാടനം ചെയ്യും. വ്യവസായസ്ഥാപനങ്ങളുടെ മേധാവിമാർ പങ്കെടുക്കുന്ന മീറ്റിൽ എം.എസ്.അരുൺകുമർ എം.എൽ.എ. സംസാരിക്കും. വൈകിട്ട് 4.30 ന് പ്രഭാഷണപരമ്പരയിലെ മൂന്നാമത്തെ പ്രഭാഷണമാണ്. ജെ.എൻ.യു. മുൻ പ്രൊഫസറും ഇ.പി. ഡബ്ല്യൂ എഡിറ്ററും ആയ ഡോ. ഗോപാൽ ഗുരുവാണ് Higher Education in India, Emerging Challenges എന്ന വിഷയത്തിലെ പ്രഭാഷകൻ. ഡോ.വി.ശിവദാസൻ എം.പി. ആമുഖപ്രഭാഷണം നടത്തും. 7 മണി മുതൽ കേരളസംഗീതനാടക അക്കാദമി അവാഡ് നേടിയ 'രണ്ട് നക്ഷത്രങ്ങൾ' എന്ന നാടകം മുഖ്യവേദിയിൽ അരങ്ങേറും.

നാലാം ദിവസമായ 22 ന് രാവിലെ 10 മണിക്ക് R&D colloquium ആണ്. വിവിധ ശാസ്ത്ര–ഗവേഷണ–സാംസ്കാരിക സ്ഥാപനങ്ങളുടെ മേധാവികളുമായുള്ള കൂടിക്കാഴ്ച. സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.) മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷത വഹിക്കും. 11 മണിക്ക് സർവകലാശാലയിലെ വിദേശ വിദ്യാർത്ഥികളുടെ ഒത്തുചേരലാണ്. 4.30 ന്

ആരംഭിക്കുന്ന സമാപനസമ്മേളനത്തിനു ശേഷം 7 മണിമുതൽ പ്രസീത ചാലക്കുടി അവതരിപ്പിക്കുന്ന നാടൻ പാട്ട് ഉണ്ടായിരിക്കും.

എല്ലാദിവസവും പഠനവകുപ്പുകൾ കേന്ദ്രീകരിച്ച് ഗവേഷണ ഫലങ്ങളുടെ പ്രദർശനവും അക്കാദമിക് സംവാദങ്ങളും പ്രഭാഷണങ്ങളും ഉൾപ്പടെയുള്ള വിവിധ പരിപാടികളും, പൊതുവേദിയിൽ വിവിധ ഗവേഷണ മേഖലകളെ അധികരിച്ച് സർവകലാശാലാ അദ്ധ്യാപകരുടെ പ്രഭാഷണങ്ങളും ഗവേഷകരുടെ ഗവേഷണാനുഭവങ്ങൾ പങ്കുവയ്ക്കലും ഉണ്ടായിരിക്കും.

കോളേജുകളിലെയും സ്കൂളുകളിലെയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കൂടാതെ പൊതു ജനങ്ങൾക്കും ഫെസ്റ്റുകളിൽ പ്രവേശനം ഉണ്ടായിരിക്കും. പുസ്തകോത്സവം ഇരുപത്തി അഞ്ചാം തീയതിയാണ് സമാപിക്കുന്നത്. പുസ്തകോത്സവത്തോടനുബന്ധിച്ച് പുസ്തകപ്രകാശനം സംവാദങ്ങൾ എന്നിവയുണ്ടായിരിക്കും.

പദ്മശ്രീ. പ്രൊഫ. അന്വിത അബി(റിട്ട. പ്രൊഫസ്സർ, ജെ.എൻ.യു.), ശ്രീ.എം.എ.ബേബി (മുൻ വിദ്യാഭ്യാസ മന്ത്രി), പ്രൊഫ. സജി ഗോപിനാഥ് (വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്), പ്രൊഫ.(ഡോ).എൻ.കെ.ജയകുമാർ (മുൻ വൈസ് ചാൻസലർ, ന്യുവാൽസ്, കൊച്ചി), പ്രൊഫ.സി.റ്റി.അരവിന്ദ കുമാർ (വൈസ് ചാൻസലർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി), ശ്രീ.എ.ജയകൃഷ്ണൻ, (മുൻ വൈസ് ചാൻസലർ, കേരള സർവകലാശാല), ശ്രീ. കെ.ജയകുമാർ ഐ.എ.എസ്. (മുൻ ചീഫ് സെക്രട്ടറി & മലയാളം സർവകലാശാല മുൻ വൈസ് ചാൻസലർ), പ്രൊഫ.വി.തിരുവള്ളുവൻ (വൈസ് ചാൻസലർ, തമിഴ് യൂണിവേഴ്സിറ്റി, തഞ്ചാവൂർ), പ്രൊഫ.കെ.കരുണാകരൻ (മുൻ വൈസ് ചാൻസലർ തമിഴ് യൂണിവേഴ്സിറ്റി, തഞ്ചാവൂർ), പ്രൊഫ. എം.ജെ.മുരിഗെപ്പ (മുൻ വൈസ് ചാൻസലർ, കന്നഡ യൂണിവേഴ്സിറ്റി), പ്രൊഫ.കെ.എൻ.ഗണേഷ് (ചരിത്രകാരൻ), ഡോ.രാജൻ വർഗീസ് (മെമ്പർ സെക്രട്ടറി, കെ.എസ്.എച്ച്.ഇ.സി.ശ്രീ.കെ.എസ്.), ശബരീനാഥൻ (മുൻ എം.എൽ.എ.), ശ്രീ. അനൂപ് അംബിക (സി.ഇ.ഓ., കെ.എസ്.വി.എം.), ഡോ. ജിൻടോ പൊട്ടക്കൽ, (പ്രിൻസിപ്പൽ സ്റ്റാറ്റിസ്റ്റിക്കൽ സയന്റിസ്റ്റ്, യുണൈറ്റഡ് സ്റ്റേറ്റ്സ്), ശ്രീ. ശ്രീകുമാർ ബി. (ഡയറക്ടർ, ഡിപ്പാർട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ഗവൺമെന്റ് ഓഫ് കേരള), പ്രൊഫ.എം.എ.ഉമ്മൻ ( സാമ്പത്തിക ശാസ്ത്രജ്ഞൻ), ഡോ. ചന്ദ്രമതി (എഴുത്തുകാരി),ശ്രീ.പെരുമാൾ മുരുഗൻ, (എഴുത്തുകാരൻ), ഡോ.പി.കെ.രാജശേഖരൻ, (സാഹിത്യനിരൂപകൻ), ശ്രീമതി.ഖയറുന്നിസ, (എഴുത്തുകാരി), ഡോ.എൻ.പി.ചന്ദ്രശേഖരൻ (മാധ്യമപ്രവർത്തകൻ), ശ്രീ.സബിൻ ഇക്ബാൽ (എഴുത്തുകാരൻ), ശ്രീ.എം.ജയചന്ദ്രൻ, (സംഗീത സംവിധായകൻ) തുടങ്ങിയവർ പഠനവകുപ്പുകളിലെ വിവിധ സെഷനുകളിൽ പങ്കെടുക്കും.

വാർത്താസമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ.(ഡോ.)മോഹനൻ കുന്നുമ്മൽ, സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ.കെ.എച്ച്.ബാബുജാൻ, സിൻഡിക്കേറ്റ് അംഗവും റിസർച്ചേഴ്സ് ഫെസ്റ്റിവൽ ഓർഗനൈസിംഗ് കമ്മിറ്റി കൺവീനറുമായ ഡോ.എസ്. നസീബ്, സിൻഡിക്കേറ്റ് അംഗവും റിസർച്ച് ഫെസ്റ്റിവൽ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാനുമായ ഡോ.കെ.ജി.ഗോപ്ചന്ദ്രൻ, രജിസ്ട്രാർ പ്രൊഫ.കെ.എസ്.അനിൽ കുമാർ എന്നിവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**